## തളിക്കുളം ഗ്രാമപഞ്ചായത്ത് - കുടുംബശ്രീ സി ഡി എസ്

ആമുഖം

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ബ്ലോക്കിലെ ചേറ്റുവ മണ്പുറത്ത് വടക്കു നിന്ന് മൂന്നാമത് റെവന്യൂ വില്ലേജായി കിഴക്ക് കനോലി കനാലിന്റെ യും പടിഞ്ഞാറ് അറബിക്കടലിന്റെയും അതിരുകളായി തളിക്കുളം ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നു.തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സി ഡി എസ് 16 വാർഡുകളായി 233 അയൽകൂട്ടങ്ങളും 3305 അയൽകൂട്ടഅംഗങ്ങളും ആണ്.

### കോറോണകാലത്തെ പ്രവർത്തനങ്ങൾ

കോവീഡ് – 19 എന്ന നഹാമാരി ലോകത്ത് വ്യാപനമായപ്പോൾ നമ്മുട് കേരളത്തിൽ അതിന്റെ പ്രത്യാഘാതങ്ങൾ 2020 മാർച്ച മുതൽ ആരെഭിച്ചു.അതിനോടനൂബന്ധിച്ച് കോറോണബോധവൽക്കരണ ക്ലാസുകൾ താഴെതട്ടിലേക്ക് എത്തിക്കുവാൻ ജില്ലാ മിഷൻ നിർദ്ദേശിച്ചു.അതിന്റെ ആദ്യ നടപടി എന്ന നിലയിൽ തളിക്കുളം ഗ്രാമപഞ്ചായത്തും കുടുംബശ്രീയും പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവരുമായി സംയോജിച്ച് കൊറോണ ബോധവൽകരണ ക്ലാസ് പഞ്ചായത്ത് സംഘടിപ്പിച്ചു.ക്ലാസിനു നേതൃത്വം വഹിച്ചത് എച്ച്.ഐ ഹരീഷ് കുമാർ സർ ആയിരുന്നു. ടി യോഗതത്തിൽ സി ഡി എസ് ,എ ഡി എസ്, അയൽകൂട്ട മെമ്പർമാർ,ആശാവർക്കർമാർ,അംഗൻവാടി പ്രവർത്തകർ സജീവ പങ്കാളിത്തം ഉ ായി.ഈ കാലയളവിലെല്ലാം സി ഡി എസിന്റ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നു ായിരുന്നു.

കോവിഡ - 19 നോടനുബന്ധിച്ച് കേരളത്തിൽ മാർച്ച് 22 നു ജനത കർഷ്യൂ വും 23 മുതൽ ലോക്ക് ഡൗൺ ആരംഭിച്ചു.അതിന്റെ പ്രതിസന്ധി ജനങ്ങളിലേക്ക്……….. കുടുംബശ്രീയും പഞ്ചായത്തും ഒരു കൈത്താങ്ങായി പ്രവർത്തികുവാൻ സാധിച്ചു. തളിക്കുളം ഗ്രാമപഞ്ചായത്തിൽ മാർച്ച് 27 നു കമ്മ്യൂണിറ്റി കിച്ചൻ ചെയ്യുന്നതിനു വേ ി പഞ്ചായത്തുമായി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും മാർച്ച് 28 മുതൽ കമ്മ്യൂണിറ്റി കിച്ചന്റ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.സി ഡി എസ് മെമ്പർ അംബിക പ്രസന്നന്റെ നേതൃത്വത്തിൽ 7 അംഗങ്ങൾ ചേർന്ന് കാറ്ററിംഗ് യൂണിറ്റ് തളിക്കുളം കാർത്തിക ഓഡിറ്റോറിയത്തിൽ ആരംഭിച്ചു. കമ്മ്യൂണിറ്റി കിച്ചനു വേ ി തളിക്കുളം ഗ്രാമപഞ്ചായത്തും വിവിധ സന്നദ്ധ പ്രവർത്തകരും അയൽകൂട്ട അംഗങ്ങളും സി ഡി എസിൽ രജിസ്റ്റർ ചെയ്ത സംഘകൃഷി ഗ്രൂപ്പുകാരും കിച്ചനിലേക്ക് ആവശ്യമായ സാധനങ്ങൾ സൗജന്യമായി ലഭ്യമാക്കി.

തളിക്കുളം പ്രഥമികാരോഗ്യ കേന്ദ്രത്തിലെ പ്രവർത്തകർ സമൂഹ അടുക്കളയിലെ അംഗങ്ങൾക്ക് മാസ്ക്,സാനിറ്റൈസർ, മെഡിക്കൽ ചെക്ക്അപ്പ്,ഹെൽത്ത് കാർഡ് എന്നിവ നൽകി.ജില്ലാമിഷൻ ബ്ലോക്ക് കോ-ഓഡിനേറ്റർ വഴി സമൂഹ അടുക്കളയിലെ അംഗങ്ങൾക്ക് സാമൂഹിക അകലം പാലിക്കാനും മാസ്ക് ധരിക്കുന്നതുമായ കാര്യങ്ങളെകുറിച്ച് ബോധവൽക്കരണം നടത്തി.28.03.2020 മുതൽ 3.05.2020 വരെ 8932 ഭക്ഷണപൊതികൾ നൽകി.അതിൽ സൗജന്യ ഭക്ഷണം 7375 ഉം 20 / രൂപ നിരക്കിൽ 1557 ഉം നൽകുവാൻ സാധിച്ചു. ഭക്ഷണ പൊതികൾ എത്തിക്കുവാൻ വിവധ സന്നദ്ധ പ്രവർത്തകരെ പഞ്ചായത്ത് നിയമിച്ചു.ഓരോ ദിവസവും കൃത്യമായ വിവര ശേഖരണം ജില്ലാ മിഷനിലേക്ക് അതാത് ബി.സി മാർ റിപ്പോർട്ട് ചെയ്തിട്ടു ്.തളിക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ,മെമ്പർ സെക്രട്ടറി,ചെയർപേഴ്സൺ, പഞ്ചായത്ത് മെമ്പർമാർ സി ഡിഎസ് എഡി എസ് മെമ്പർമാർ കുടുംബശ്രീ അക്കൗ ന്റ്,ബി.സി മാർ എന്നിവരുടെ നിരന്തരമായ പ്രവർത്തനങ്ങളുടെ ഫലമായി കമ്മ്യൂണിറ്റി കിച്ചൻ വൻ

വിജയമാക്കുവാൻ സാധിച്ചു.



ലോക്ക് ഡൗണിന്റെ ഭാഗമായി അയൽകൂട്ടങ്ങൾക്ക് ഒരു സെക്കന്റിൽ വിവരങ്ങൾ അറിയുന്നതിനുവേ ി എല്ലാ വാർഡ് തലത്തിലും സി ഡി എസ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചു.ഓരോ അയൽകൂട്ട അംഗങ്ങൾ വിവധ തരം മാസ്കുകൾ നിർമ്മിച്ച് സൗജന്യമായി ജനങ്ങൾക്ക് വിതരണം ചെയ്തു.കൂടാതെ വാർഡ് 12 ലെ അയൽകൂട്ടങ്ങൾ മാസ്കും സാനിറ്റൈസറും നിർമ്മിച്ച് നൽകി വരുന്നു ്. ജില്ലാ മിഷന്റെ മാസ്ക് മൽസരത്തിൽ ര ് അയൽകൂട്ട മെമ്പർമാർ പങ്കെടുത്തിട്ടു ്.

ആശ്രയ ഗുണഭോക്താക്കളുടെ ഏപ്രിൽ ,മെയ് മാസത്തെ ഭക്ഷണകിറ്റുകൾ വീടുകളിൽ എത്തിച്ചു നൽകുന്നതിനു സാധിച്ചു.കൂടാതെ അവരുടെ ക്ഷേമം അറിയുന്നതിനും ഭക്ഷണം,മരുന്നും ലഭ്യമല്ലാത്തവർക്ക് ഭക്ഷണം സമൂഹ അടുക്കള വഴിയും മരുന്ന് സന്നദ്ധ പ്രവർത്തകർ വഴിയും എത്തിക്കുന്നതിനും സാധിച്ചു.ക്വോറ ിൽ ഇരിക്കുന്ന വ്യക്തികളെ ഫോണിൽ ബന്ധപ്പെട്ട് ക്ഷേമമന്വേഷിച്ചു.

ബാലസഭ 16 വാർഡുകളിലായി 32 ബാലസഭകൾ ഉ ്.ഈ ലോക്ക് ഡൗൺ കാലത്ത് ബാലസഭ കുട്ടികൾ ഔഷധ സസ്യങ്ങൾ കൃഷി ചെയ്തു.കഥ,കവിത,ചിത്ര രചന,എന്നിവ ചെയ്തതിന്റെ വാർഡ് തല കൈപുതകങ്ങൾ സി ഡി എസിനു കൈമാറി.കുപ്പി,പേപ്പർ വിവധതരം

അലങ്കാര വസ്തുകൾ എന്നിവ ഉപയോഗിച്ച് കരകൗശല വസ്തകുക്കൾ ഉ ാകി.





കോറോണ കാലത്ത് ജനങ്ങൾക്ക് ഏറെ ആശ്വാസമായത് മുഖ്യമന്ത്രിയുടെ സഹായ ഹസ്ത വായപ പദ്ധതിയാണ്.തളിക്കുളം സി ഡി എസ് ആകെ 233 അയൽകൂട്ടങ്ങളിൽ 223 അയൽകൂട്ടങ്ങൾക്ക് 1,65,25,000/- രൂപ സഹകരണ ബാങ്ക്,പഞ്ചാബ് നാഷൺ ബാങ്ക്,കനറ ബാങ്ക്,യൂണിയൻ ബാങ്ക്,റൂറൽ ബാങ്ക് എന്നി ബാങ്കുകൾ വഴി വായ്പ പദ്ധതി ലഭ്യമാക്കുന്നതിന് സഹായിച്ചു.കുടുംബശ്രീ അംഗങ്ങളുടെ “എന്റെ കുടുംബശ്രീ ” അനുഭവകുറിപ്പുകൾ ലേഖനങ്ങായും വീഡിയോകളായും ചെ്യാൻ



സാധിച്ചു.

എം.കെ.എസ് പിയുടെ ഭാഗമായി കോവിഡ് കാലത്ത് വിവിധ സംഘകൃഷി ഗ്രൂപ്പുകൾ സമൂഹ അുക്കളയിലേക്ക് വിവിധ തരം പച്ചകറികൾ നൽകി. തീരശ്രീയുടെ ഭാഗമായി ഇലശ്രീ പദ്ധതി യി വിവിധ തരം ചീരകൾ

വാർഡ് 1,9,10,16 എന്നീ വാർഡിലെ അയൽകൂട്ടാംഗങ്ങൾ കൃഷി ചെയ്തു വരുന്നു. എം.കെ.എസ്.പിയുടെ മറ്റു പദ്തികളായ മൈക്രോ ഗ്രീൻ , ഗ്രോബാഗ് ,ചച മച പദ്ധതി യിൽ ഓരോ സംഘകൃഷി ഗ്രൂപ്പംഗങ്ങളും നല്ല രീതിയിൽ ചെയ്തു വരുന്നു ്.കുടുംബശ്രീ ജില്ലാ മിഷന്റെ മറ്റോരു പ്രധാന പദ്ധതിയായ പച്ചകറി വ ി ( വിഷരഹിത പച്ചക്കറി ഇനി വീട്ടു മുറ്റത്തേക്ക്) ലേക്ക് വിവിധ ജെ.എൽയജി ഗ്രൂപ്പുകൾ അവരുടെ വിവിധ തരം ജൈവപച്ചക്കറികൽ നൽകുവാൻ സാധിച്ചു.





സർക്കാർ നിർദേശിച്ച ആരോഗ്യ പ്രവർത്തനങ്ങൾ പാലിച്ച് അയൽകൂട്ട യോഗം കൂടുന്നതിനും തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനും കോവിഡ് - 19 എന്ന മഹാമാരിക്കെതിരെ പൊരുതുന്നതിനും തീരുമാനിച്ചു.ഇൻസ്റ്റിറ്റൂഷണൽ ക്വാറന്റൈറിൽ കഴിയുന്നവർക്ക് കുടുംബശ്രീ വഴി ഭക്ഷണം നൽകി വരുന്നു ്.

കോവിഡ് 19 എന്ന മഹാമാരിയെ പിടിച്ചുകെട്ടാൻ സർകാർ നൽകിയ നിർദ്ദേശങ്ങളും കുടുംബശ്രീ ജില്ലാ മിഷൻ നൽകിയ പ്രവർത്തനങ്ങളും ചെയ്യുവാൻ തളിക്കുളം സി ഡി എസിലെ എല്ലാ കുടുംബശ്രീ പ്രവർത്തകരും ഒറ്റക്കെട്ടായി നിൽക്കും.

എന്ന്,


അജന്ത ശിവരാമൻ

സി ഡി എസ് ചെയർപേയഴ്സൺ

തളിക്കുളം സി ഡി എസ്

ഫോൺ നം.9526590589

സ്ഥലം : തളിക്കുളം

തിയ്യതി 25.05.2020

ദേവി.കെ.ദാസ്

എം.കെ.എസ്.പി ബ്ലോക്ക് കോ-ഓഡിനേറ്റർ

തളിക്കുളം

ഫോൺ നം. 9447437045